# ദൈവത്തിന്റെ വേലയിൽ നമ്മുടെ മാനുഷിക യുക്തി ഉപയോഗിക്കുന്നതിലുള്ള അപകടം.

സാക് പുന്നൻ

WFTW 31 മെയ് 2015

ദൈവത്തിന്റെ വേലയിൽ നമ്മുടെ മാനിഷിക യുക്തി ഉപയോഗിച്ചു നമ്മുടെ ധാരണയ്ക്കുനസരിച്ച് ദൈവത്തെ സഹായിക്കാൻ ശ്രമിക്കുമ്പോൾ നമുക്കു ദൈവത്തിന്റെ വേലയിൽ വളരെയധികം ചിന്താക്കുഴപ്പങ്ങൾ സൃഷ്ടിക്കാൻ കഴിയും.

യഹോവയായ ദൈവം അബ്രഹാമിനോട് "നീ ആകാശത്തേക്ക് നോക്കുക, നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോടു കല്പിച്ചു... അപ്പോൾ സാറാ അബ്രാഹമിന് മക്കളെ പ്രസവിച്ചിരുന്നില്ല. അതുകൊണ്ട് സാറാ തന്റെ മിസ്രയിമ്യ ദാസിയായ ഹാഗാറിനെ തന്റെ ഭർത്താവായ അബ്രഹാമിനു ഭാര്യയായി കൊടുത്തു. അനന്തരം ഹാഗാർ അവന് യിശ്മായേലിനെ പ്രസവിച്ചു. അപ്പോൾ അബ്രഹാം ദൈവത്തോടു പറഞ്ഞു 'യിശ്മായേൽ തിരുമുമ്പാകെ ജീവിച്ചിരുന്നാൽ മതി.'' എന്നാൽ ദൈവം അരുളിച്ചെയ്തു. "അല്ല, നിന്റെ ഭാര്യയായ സാറാ തന്നെ നിനക്കൊരു മകനെ പ്രസവിക്കും. അങ്ങനെ ഞാൻ അവനോട് എന്റെ നിയമത്തെ നിത്യനിയമമായി ഉറപ്പിക്കും'' (ഉൽപ. 15:5; 16:1,3,16; 17:18,19).

അബ്രഹാമിന്റെ സന്തതി നക്ഷത്രങ്ങളെപ്പോലെ എണ്ണമില്ലാത്തതാകും എന്നാണ് ദൈവം വാഗ്ദാനം ചെയ്തിരുന്നത്. അപ്പോഴും സാറാ വന്ധ്യയായിരുന്നു. വാഗ്ദാനം നിറവേറപ്പെട്ടില്ലെങ്കിൽ ദൈവത്തിന്റെ നാമം ദുഷിക്കപ്പെട്ടേക്കും എന്ന് അബ്രഹാമും സാറായും ഭയപ്പെട്ടിട്ടുണ്ടാകണം. അതുകൊണ്ട് സാറായുടെ നിർദ്ദേശപ്രകാരം ദൈവത്തെ ഒരു ദുർഘടസന്ധിയിൽ നിന്ന് പുറത്തു കടക്കുന്നതിനുവേണ്ടി സഹായിക്കുവാൻ അബ്രഹാം മറ്റൊരു ഭാര്യയെ എടുക്കുകയും അവളിൽ ഒരു പുത്രനുണ്ടാകുകയും ചെയ്തു!!

ദൈവത്തിന് അങ്ങനെയുള്ള സഹായം വേണ്ട എന്നുള്ളതാണ് അബ്രഹാം മനസ്സിലാക്കാതിരുന്ന ഒരു കാര്യം. അദ്ദേഹം ദൈവത്തിനു കൊടുത്ത ആ സഹായം (യിസ്മായേലിനെ ജനിപ്പിക്ക വഴി) ഒടുവിൽ അദ്ദേഹത്തിന്റെ ഭാര്യയ്ക്കു മാത്രമല്ല, അദ്ദേഹത്തിന്റെ പുത്രനായ യിസഹാക്കിനും അവന്റെ സന്തതിക്കും അനേകം പ്രശ്നങ്ങളുണ്ടാക്കി.

നമ്മുടെ സഹായം കൂടാതെ ദൈവത്തിന്റെ വാദ്ഗാനം നിറവേറപ്പെടില്ലെന്ന് എത്ര തവണ നമുക്കു തോന്നിയിട്ടുണ്ട്. അതുകൊണ്ടു തന്നെ ദൈവം നമ്മോട്, പുറപ്പെടുവാനോ പ്രവർത്തിപ്പാനോ അരുളിച്ചെയ്യാതിരുന്നപ്പോൾ നാം പുറപ്പെടുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. നമ്മെ നയിക്കുന്നതിനായി കർത്താവിനു വേണ്ടി കാത്തിരിക്കുന്ന കാര്യത്തിൽ വേണ്ട വിധത്തിൽ വിശ്വസിക്കാതെ നാം നമ്മുടെ മനുഷ്യ നിർമ്മിത ആലോചനകളിൽ ആശ്രയിക്കുകയും ദൈവത്തിന്റ വേല ചെയ്യുവാൻ പ്രയത്നിക്കുകയും ചെയ്യുന്നു.

പിതാവിന്റെ ഇഷ്ടവും മാർഗ്ഗ നിർദ്ദേശവും അന്വേഷിക്കാതെ, യേശു തന്റെ ജീവിതത്തിൽ ഒരിക്കലും ഒരു കാര്യവും ചെയ്തില്ല (യോഹ. 5:19,30). എന്നാൽ മിക്ക വിശ്വാസികളും ദൈവത്തിന്റെ ഹിതവും മാർഗ്ഗനിർദ്ദേശവും അതുപോലെ അന്വേഷിക്കാറില്ല. കാരണം അവർ ദൈവത്തിൽ ആശ്രയിക്കുന്നതിനെക്കാൾ തങ്ങളിൽ തന്നെ ആശ്രയിക്കുന്നു!!

നമ്മുടെ പ്രാർത്ഥനയുടെ കുറവും നാം എടുക്കുന്ന തീരുമാനങ്ങളിൽ നമ്മുടെ വിവേകത്തിൽ (അല്ലെങ്കിൽ അബ്രഹാമിന്റെ മുകളിൽ സൂചിപ്പിച്ച കാര്യത്തിലേതുപോലെ, നമ്മുടെ ഭാര്യമാരുടെ വിവേകത്തിൽ!!) ചാരുന്നതുമാണ്. നമ്മുടെ ഭവനങ്ങളിലും ദൈവത്തിന്റെ പ്രവൃത്തിയിലും ചിന്താകുഴപ്പം കൊണ്ടുവരുന്നത്.

"യഹോവ മോശെയോടു പറഞ്ഞു. പാറയോടെ കല്പിക്കുക. അപ്പോൾ അതു വെള്ളം ഒഴുക്കും. അപ്പോൾ മോശെ കൈ ഉയർത്തി തന്റെ വടി കൊണ്ട് പാറയെ രണ്ടു തവണ അടിച്ചു. എന്നാൽ യഹോവ മോശയോട്, 'നിങ്ങൾ എന്നിൽ വിശ്വസിക്കാഞ്ഞതുകൊണ്ട്, ഞാൻ അവർക്കു കൊടുക്കുമെന്ന് വാഗ്ദത്തം ചെയ്ത ദേശത്തേക്ക് ഈ സമൂഹത്തെ നിങ്ങൾ കൊണ്ടുപോകയില്ല എന്നു പറഞ്ഞു'' (സംഖ്യ 20:7-13).

ഈ പ്രാവശ്യം പാറയോടു സംസാരിക്കാൻ മാത്രമേ മോശെയോട് ദൈവം ആവശ്യപ്പെട്ടുള്ളു. എന്നാൽ മോശെ പാറയെ രണ്ടു തവണ അടിച്ച് ദൈവത്തെ സഹായിക്കാൻ തീരുമാനിച്ചു. ശാന്തമായി സംസാരിക്കുന്നതിനെക്കാൾ അധികം ജഡം ഇഷ്ടപ്പെടുന്നത് കഠിനമായി (അതും രണ്ടുതവണ) അടിക്കുവാനാണ് എന്നത് എത്ര സത്യമാണ്! നമുക്കു തോന്നുന്നത്, അവിടുന്ന് ശാന്തതയുള്ളവരായിരിക്കാൻ കല്പിക്കുമ്പോൾ പോലും, ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ വേഗത്തിൽ നിറവേറപ്പെടുന്നത് ഒരല്പം മാനുഷികമായ കാഠിന്യം കൊണ്ടാണ് എന്നാണ് (മത്താ. 11:28,29). എന്നാൽ അവിടുത്തെ ദയയിലൂടെയാണ് ദൈവം ആളുകളെ മാനസാന്തരത്തിലേക്കു നയിക്കുന്നത് (റോമ. 2:4).

ദൈവം മുമ്പൊരിക്കൽ പാറയെ അടിക്കാൻ തന്നോട് ആവശ്യപ്പെട്ടതുകൊണ്ട് (പുറ. 17:6) എല്ലാ സമയത്തും അങ്ങനെ തന്നെ ആയിരിക്കണം എന്നു മൊശെയ്ക്ക് തോന്നിയിട്ടുണ്ടാകാം. അനേകരും സങ്കല്പിക്കുന്നത് പരിശുദ്ധാത്മാവ് മുമ്പ് ഏതെങ്കിലും സമയത്ത് അല്ലെങ്കിൽ മറ്റെവിടെയെങ്കിലും പ്രവർത്തിച്ച അതേ രീതിയിൽ തന്നെയാണ് എപ്പോഴും പ്രവർത്തിക്കുന്നത് എന്നാണ്! അതുകൊണ്ട് അവർ മനഃശാസ്ത്രപരമായ സൂത്രങ്ങൾ കൊണ്ട് 'ഉണർവ്വ്' കൊണ്ടുവരാൻ, രോഗികളെ 'സൌഖ്യമാക്കുവാൻ' ആളുകളെക്കൊണ്ട് അന്യഭാഷയിൽ സംസാരിപ്പിക്കുവാൻ ഒക്കെ ശ്രമിച്ച് പരിശുദ്ധാത്മാവിനെ സഹായിക്കുവാൻ അവർ ശ്രമിക്കുന്നു. അവർ മനസ്സിലാക്കാത്ത ഒരു കാര്യം പരിശുദ്ധാത്മാവ് വ്യത്യസ്ത സമയങ്ങളിൽ വ്യത്യസ്തമായി പ്രവർത്തിക്കുന്നു എന്നും അവിടുത്തെ വരങ്ങൾ വെളിപ്പെടുത്തുവാൻ അവിടുത്തേക്ക് ദേഹീപരമായ ഒരു സഹായവും ആവശ്യമില്ലെന്നും ഉള്ളതാണ്.

"കാള വിരണ്ടതിനാൽ ഉസ്സാ കൈ നീട്ടി യഹോവയുടെ പെട്ടകം പിടിച്ചു. അയാളുടെ ഈ അവിവേകം മൂലം യഹോവയുടെ ക്രോധം ഉസ്സയുടെ നേരെ ജ്വലിച്ചു; ദൈവകരം അയാളെ സംഹരിച്ചു. അയാൾ ദൈവത്തിന്റെ സാക്ഷ്യപെട്ടകത്തിനു സമീപം മരിച്ചു വീണു'' (2 ശമുവേൽ 6:6,7).

ഉസ്സായുടെ ഉദ്ദേശ്യങ്ങൾ നല്ലതായിരുന്നു. അയാൾ വാസ്തവത്തിൽ ദൈവത്തിന്റെ സാക്ഷ്യപെട്ടകം താഴെ വീഴാതെ സംരക്ഷിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ അയാളൊരു ലേവ്യനല്ലാതിരുന്നതിനാൽ അയാൾക്കു പെട്ടകത്തിൽ തൊടുവാനുള്ള അവകാശം ഇല്ലായിരുന്നു. അവൻ തന്റെ അതിരുകൾക്കു വെളിയിൽ കടന്നു. ദൈവം അവനെ സംഹരിക്കുവാൻ തക്കവണ്ണം അത്രയ്ക്കു ഗൌരവമുള്ള ഒരു കാര്യമായിരുന്നു ഇത്. ദൈവത്തിന്റെ നിയമങ്ങളോടു നിസ്സാരമായി പെരുമാറുവാൻ നമുക്കു കഴിയുകയില്ല.

സഭയിലും, ദൈവം ഓരോരുത്തർക്കും വ്യത്യസ്തങ്ങളായ ഉത്തരവാദിത്തങ്ങൾ നൽകുകയും അവർക്കോരുരുത്തർക്കും ചുറ്റും അതിരുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഒരു പ്രത്യേക മേഖലയിൽ നാം ഒരു കുറവു കാണുകയും ആ പ്രശ്നം പരിഹരിക്കുന്നതിൽ ദൈവത്തെ സഹായിക്കുവാൻ നാം ശ്രമിക്കുകയും ചെയ്യുമ്പോൾ, ഇതു ചെയ്യുവാൻ പരിശുദ്ധാത്മാവാണോ നമ്മെ നടത്തുന്നത് അതോ ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യുവാൻ നമ്മുടെ മാനുഷിക യുക്തിയാണോ നമ്മെ നിർബന്ധിക്കുന്നത് എന്ന് ആദ്യം നാം നമ്മോടു തന്നെ ചോദിക്കേണ്ട ഒരാവശ്യമുണ്ട്. നാം ബഹുമാനിക്കുന്നില്ലെങ്കിലും, ദൈവം എല്ലാവരുടെയും അതിരുകളെ ബഹുമാനിക്കുന്നു. കൂടാതെ അവിടുന്നു നമുക്കു ചുറ്റും വരച്ചിരിക്കുന്ന അതിർത്തികൾക്കു പുറത്ത് നമ്മിൽ നിന്ന് ഒരു സഹായവും ദൈവത്തിനാവശ്യമില്ല. ആ അതിരുകൾക്കുള്ളിൽ മാത്രമേ നമുക്ക് ദൈവത്തെ കണ്ടെത്താൻ സാധിക്കുകയുള്ളു. (അപ്പ. പ്ര. 17:26,27). അതിനു പുറത്തു പിശാചിനെ മാത്രമേ കണ്ടെത്തുകയുള്ളു (സഭാപ്ര. 10:85).

മുകളിൽ പറഞ്ഞ ഉദാഹരണങ്ങളിൽ പ്രായോഗികത ബഹുവിധമാണ്. ഇനി നമ്മുടെ ജീവിതത്തോടും ശുശ്രൂഷയോടുമുള്ള ബന്ധത്തിൽ ഈ കാര്യത്തിന്റെ മേൽ വെളിച്ചം തരുവാൻ നമുക്കു ദൈവത്തോടു ചോദിക്കാം..